**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഫാമുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. രാജ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഫാമുകളുടെ സംരക്ഷണത്തിനും അവ ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി നിലവിലെ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വരുന്ന ഫാമുകളുടെ സംരക്ഷണത്തിനും അവ ശക്തിപ്പെടുത്തുന്നതിനുമായി 2021-22 വർഷത്തിൽ 'ഫാമുകളുടെ ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലുൾപ്പെടുത്തി 1650 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർത്തിലും ഇതേ പദ്ധതിക്കായി 1650 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സർക്കാർ ഫാമുകളിലെ പരിമിതമായ സ്ഥലപരിമിതി കാരണം ഉത്പാദന ഉപാധികൾ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനാണ് സാറ്റലൈറ്റ് യൂണിറ്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 700 യൂണിറ്റുകൾ 2022-23 ൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു യൂണിറ്റിന് 25000/- രൂപയാണ് ധനസഹായം. ഈ സാമ്പത്തിക വർഷം ആകെ 175 ലക്ഷം രൂപ അനുവദിക്കുന്നതാണ്.<br><br>പ്രസ്തുത യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ആട്ടിൻ കുട്ടികളെ സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് നൽകുവാൻ സാധിക്കും. |
| (സി) | കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയുടെ പ്രവർത്തനം | (സി) | ഉണ്ട്. ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ തലത്തിൽ ജില്ലയിലുള്ള ഫീൽഡ് തലനിർവ്വഹണ |

| | | | |
|---|---|---|---|
| | അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ അവലോകനം നടത്തുകയും സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ സംസ്ഥാനതല ധന വിനിയോഗവും പദ്ധതി അവലോകനവും നടത്തുന്നുണ്ട്. |
| (ഡി) | കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനുംക രോഗ നിയന്ത്രണത്തിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കർഷകർക്ക് ഗുണകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. മൃഗചികിത്സാ സേവനം, രാത്രികാല അടിയന്തിര വെറ്ററിനറി സേവനം, രോഗ പ്രതിരോധ കുത്തിവയ്പ് യജ്ഞങ്ങൾ, വിപുലമായ രോഗ നിർണ്ണയ സംവിധാനം, വാക്സിൻ നിർമ്മാണം, കർഷകരുടെ വീട്ടുപടിക്കൽ സേവനം ഉറപ്പ് വരുത്തുന്ന ആംബുലേറ്ററി ക്ലിനിക്കുകൾ, അതിർത്തി ചെക്ക് പോസ്റ്റുകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ വഴിയാണ് കന്നുകാലികളുടെ ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും ഉറപ്പ് വരുത്തുന്നത്. |
| (ഇ) | മൃഗാശുപത്രികളുടെ വികസനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്തെ വിവിധ മൃഗാശുപത്രികളുടെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ ണികൾക്കുമായി 2022-23 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ